# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3746 | 20/07/2015 -ൽ മറുപടിക്ക്

### ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം

### മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ജി.വി.രാജാ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം സ്പോർട്സ് സയൻസിൽ ഉന്നതയോഗ്യതയുള്ള ഒരു ഹെഡിന്റെ കീഴിൽ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) ബഹു.സ്പോർട്സ് വകുപ്പ് മന്ത്രിയുടെയും ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 15.07.2015 ന് നടന്ന സംയുക്തയോഗത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) ആവശ്യാനുസരണം കായിക പരിശീലകരില്ലാത്തത് പ്രസ്തുത സ്കൂളിന്റെ തകർച്ചയ്ക്ക് കാരണമായെന്നുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ അടിയന്തിരമായി പരിശീലകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനെ സംബന്ധിക്കുന്ന ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) കായിക പരിശീലകരെ Redeployment വ്യവസ്ഥയിൽ നിയമിക്കാൻ കഴിയുമോ എന്ന് അറിയിക്കുന്നതിന് സ്പോർട്സ് കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>(..............2) |
| (സി) സായി യുടെ സഹായത്താൽ സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സായി ഡയറക്ടർ ജനറലിന് നൽകിയ | |

| | | | |
|---|---|---|---|
| | പ്രൊപ്പോസൽ പ്രകാരം കൂടുതൽ സഹായം ഉറപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ സായിയെ സമീപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | 2014-2015 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 550 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ കുട്ടികളുടെ പഠനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ 2015 മെയ് മാസത്തിന് മുൻപ് പൂർത്തിയാക്കേണ്ടതായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ തുകയുടെ വിനിയോഗം നടത്തുന്നതിന് പ്ലാനിംഗ് കമ്മീഷന്റെ അനുമതി ഇതുവരെയായും ലഭ്യമായിട്ടില്ലാത്തതിനാലാണ് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തത്. |
| (ഇ) | ജൂൺ, ജൂലായ് മാസങ്ങൾ മഴക്കാലമായതിനാലും മാർച്ച് മാസം പരീക്ഷ നടക്കുന്ന സമയമായതിനാലും മദ്ധ്യവേനലവധി ഉൾപ്പെടെ തുടർച്ചയായി വിദ്യാർത്ഥികൾക്ക് 5 മാസം പരിശീലനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | തീരുമാനിക്കപ്പെട്ട സമയക്രമമനുസരിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നുണ്ട്. |
| (എഫ്) | ഇതിന് പരിഹാരമായി മദ്ധ്യവേനലവധിക്കാലം കായിക പരിശീലനത്തിന് ഉപയോഗിക്കാനും ദിവസം 12 മണിക്കൂർ കായിക പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉച്ചയ്ക്ക് ശേഷം വിശ്രമം അനുവദിക്കുന്ന രീതിയിൽ ക്രമീകരിക്കുവാനും നടപടി സ്വീകരിക്കുമോ ? | (എഫ്) | സിലബസ് പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ